**തദ്ദേശസ്വയംഭരണ വകുപ്പ്, പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ, കുളത്തുമ്മൽ വില്ലേജിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ഓയിൽ കോർപറേഷൻ ലിമിറ്റഡിന്റെ പെട്രോൾ പമ്പിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- ശ്രീ.അനന്ദു നിർമ്മൽ, തകിടിയിൽ വീട്, കാട്ടാക്കട, 29.01.2021 ൽ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ് നമ്പർ TCPTVM/211/2021-D തീയതി 22/02/2021</u>**

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിൽ സർവ്വേനമ്പർ 247/5 ൽ ഉൾപ്പെട്ട ശ്രീ. കിഷോർ . S (Lessor ) ന്റെ ഉടമസ്ഥതയിലുള്ള 9.98 ആർ വസ്തുവിൽ പാട്ടക്കരാർ പ്രകാരം അപേക്ഷകനായ ശ്രീ. അനന്ദുനിർമ്മൽ ( Lessee ) 248.18 sq m ടോട്ടൽ പ്ലിന്ത് ഏരിയ ഉള്ള ഹിന്ദുസ്ഥാൻ പെട്രോളിയം ഓയിൽ കോർപറേഷന് ലിമിറ്റഡിന്റെ പെട്രോൾ പമ്പിന് ലേ ഔട്ട് അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണത്തിന് കെ.പി.ബി.ആർ ചട്ടങ്ങൾക്കും, ബാധകമായ മറ്റ നിയമങ്ങൾക്കും അനുസൃതമായി താഴെ പറയുന്ന നിബന്ധനകളോടെ ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമാണം കെ.പി.ബി.ആർ.2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ, വിസ്തീർണ്ണം, സർവ്വേ നമ്പർ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർമാണം കെ.പി.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
8. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്

10. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
11. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
12. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
13. KPBR –2019, Rule 34 ലെ എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
14. District Collector ൽ നിന്ന് NOC ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
15 നിർമ്മാണം മൂലം സമീപത്തുള്ള നീർചാലുകൾക്കു യാതൊരുവിധ തടസ്സവും ഉണ്ടാകാൻ പാടില്ല.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**08/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2021.02.22 17:18:27 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽ പ്രസ്താവിതം

സെക്രട്ടറി
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)

ശ്രീ.അനന്തു നിർമ്മൽ
തകിടിയിൽ വീട്
ആമച്ചൽ പി.ഒ, കാട്ടാക്കട
തിരുവനന്തപുരം 695572